മായ പരിഗണന എല്ലാ പരാതികൾക്കും ഡിപ്പാർട്ടുമെൻറ് നൽകിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ ന്യായരഹിതമായി ഒട്ടേറെ പരാതികളുള്ളതുകൊണ്ട് ന്യായം നടത്തുന്നതിനാവശ്യമായ തരത്തിലല്ലാതെ ഇടപെടാൻ നിർവ്വാഹമില്ലെന്നകാര്യം സൂചിപ്പിച്ചുകൊണ്ട് ഐ. ജി. തന്നെ ശ്രീ. ഗണപതിക്ക് കത്തെഴുതിയിട്ടുണ്ട്. നിയമസഭാ സാമാജികനെന്നുള്ള പരിഗണനവച്ചുകൊണ്ട് ന്യായരഹിതമായ കാര്യങ്ങളിൽ പോലീസിന് ഒന്നും ചെയ്യാൻ കഴിയുന്നതല്ലെന്ന് വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് ഐ. ജി., ഗണപതിക്ക് എഴുതിയിട്ടുണ്ട്. ഇതാണ് സ്ഥിതി. അല്ലാതെ ഗണപതി പറയുന്ന നിയമസമാധാനത്തിൻെറ പ്രശ്നമൊന്നുമില്ല.

ശ്രീ. എൻ. കണപതി : സർ, പോലീസ്കാരാർകൾ தொண்டி எடுக்காமலும் சப்-இன்ஸ்பெக்டர் அவர்கள் இதில் சேர்ந்துகொண்டு தொண்டியை மூடிமறைக்கப்பட்டது. இதுதான் உண்மை. மேலும் நான் கொடுத்த அடியந்திர பிரமேயத்துக்கும் மந்திரி அவர்கள் அளித்த பதிலுக்கும் யாதொருவித சம்பந்தமும் இல்லை என்பதை வருத்தத்துடன் தெரியப்படுத்திக் கொள்கிறேன்.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൻെറ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയം ഞാൻ അനുവദിക്കുന്നില്ല.

III. CALLING ATTENTION UNDER RULE 61

(i) ALLEGED ATTACK ON AGRICULTURAL LABOURERS IN VALLARPADAM IN ERNAKULAM DISTRICT

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ച് എറണാകുളം ഡിസ്ട്രിക്ടിൽ വല്ലാർപാടത്ത് കൊയ്ത്തിനിറങ്ങിയ 20-ഓളം തൊഴിലാളികളെയാതൊരു പ്രകോപനവും കൂടാതെ തൊഴിലാളി പ്രവർത്തകർ എന്നു പറയുന്ന കുറേപ്പേർ ആക്രമിക്കുകയും പലർക്കും പരിക്കുകൾ ഏൽക്കുകയും ചെയ്തതിനെത്തുടർന്ന് സ്ഥലത്തുണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. അലക്സാണ്ടർ പറമ്പിത്തറ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഈ അടുത്തദിവസം എറണാകുളത്ത് വല്ലാർപാടത്ത് ഉണ്ടായ ഒരു സംഭവത്തെക്കുറിച്ചാണ് എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഈ കഴിഞ്ഞ ഞായറാഴ്ച അതായത് 12-ാം തീയതി വല്ലാർപാടത്ത് എം. എസ്. തങ്കപ്പൻ എന്നു പേരുള്ള ഒരു കൃഷിക്കാരൻെറ നിലം കൊയ്യുന്നതിന് ഒരു സെറാളുകൾ, തങ്കപ്പൻെറ അനുജൻ രത്നാകരനും കുറെ ചെറുപ്പക്കാരും ഒന്നിച്ച് സ്ഥലത്തുചെന്നു. 19 കൃഷിക്കാരും രത്നാകരനും കൂടെ കൊയ്ത്താരംഭിച്ച അവസരത്തിൽ യാതൊരു പ്രകോപനവും കൂടാതെ തൊഴിലാളി പ്രവർത്തകൻമാർ എന്നു പറയുന്ന ആളുകൾ വന്ന് വടിയും മറ്റായുധങ്ങളും കൊണ്ട് കൊയ്ത്തുകാരെ അടിക്കുകയും അവരുടെ പ്രവർത്തനം തടയുകയും ചെയ്തു. ഇവിടെ യാതൊരു തൊഴിൽത്തർക്കവും ഇല്ലാത്ത സ്ഥലമാണ്.. ഈ കൊയ്ത്തിനെസംബന്ധിച്ച് കൃഷി ഉടമകളും തൊഴിലാളിയൂണിയനുകളും തമ്മിൽ അതിൻെറ ചട്ടങ്ങളെസംബന്ധിച്ചും പ്രതിഫലത്തെ സംബന്ധിച്ചും ചില തീരുമാനങ്ങൾ എടുത്തത് 100 ശതമാനവും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

കൃഷി ഉടമകളും സമ്മതിച്ചു അതനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്ന വ്യവസ്ഥയിലാണ് കൊയ്ത്താരംഭിച്ചത്. കൊയ്ത്താരംഭിക്കുന്നതിനു മുമ്പ് തൊഴിലാളി യൂണിയന്റെ അനുവാദം വാങ്ങാതെ കൊയ്തു എന്നുള്ള ഒരു കാരണത്താലാണത്രേ പെട്ടെന്നുള്ള ഈ എതിർപ്പും അപകടവും ഉണ്ടായത്. ഈ തൊഴിലാളി യൂണിയനിൽപ്പെട്ട ആളുകളും അധികം പേരും ഗവൺമെന്റുദ്യോഗസ്ഥൻമാരാണ്. സ്ഥിരം ഗവൺമെന്റു ജീവനക്കാരാണ്. അവർ കർഷകത്തൊഴിലാളി യൂണിയൻ പ്രവർത്തകർ കൂടിയാണ്. ഏതായാലും അവിടെ ഉണ്ടായത് യൗതൊരു പ്രകോപനവും കൂടാതെയുള്ള എതിർപ്പായിരുന്നു. വടിയും റബ്ബർ ടയറും കൊണ്ട് അടിച്ചതിനു പുറമെ അരിവാളുകൊണ്ടുള്ള പരിക്കുകളും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി നിലമുടമയായ തങ്കപ്പന്റെ അനുജൻ രത്നാകരൻ ഉൾപ്പെടെ 8 പേർ എറണാകുളം ആശുപത്രിയിലാണ്. വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ് ഇതിന്റെ ഫലമായി അവിടെ ഉണ്ടായിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ വേണ്ട അന്വേഷണം അടിയന്തിരമായി നടത്തി ഈ മാതിരിയുള്ള ആക്രമണങ്ങളും ഇനി മേലാലെങ്കിലും ഉണ്ടാകാതിരിക്കുന്നതിനുള്ള സ്ഥിതി ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): ഇതിനെസംബന്ധിച്ച് അന്വേഷിച്ച് മറുപടി പറയാം.

(ii) PROPOSED DIRECT ACTION BY THE PHYSICAL EDUCATION INSTRUCTORS

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഡെപ്യൂട്ടി സ്പീക്കർ സർ, ശ്രീ. എ. കെ. അപ്പു ഇന്നലെ അദ്ദേഹം തന്നെ പ്രസിഡൻറായിട്ടുള്ള കേരളാ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ് യൂണിയൻ ഇവിടെ നടത്തുന്ന ഒരു സത്യഗ്രഹത്തെ സംബന്ധിച്ച് റൂൾ 61 അനുസരിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ നടത്തുകയുണ്ടായി. പ്രസ്തുത അദ്ധ്യാപകരുടെ ഡിമാൻറുകളിൽ ഏറ്റവും പ്രധാനമായത് വേലായുധൻ കമ്മീഷൻ 90–190 സ്കെയിലിൽ ഉണ്ടായിരുന്ന ചില അദ്ധ്യാപകർക്ക് 100–210 ശമ്പളസ്കെയിലിൽ ശമ്പളവർദ്ധനവ് അനുവദിച്ചിട്ടുള്ളത് എല്ലാ ഹൈസ്ക്കൂൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്കും ബാധകമാക്കണമെന്നുള്ളതാണ്. ഇത് അന്നത്തെ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില അദ്ധ്യാപകർക്കു കൊടുത്തിട്ടുള്ള പ്രത്യേകമായ സ്കെയിലാണ്. രണ്ടാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഒരു വലിയ ഭാഗം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഹൈസ്ക്കൂളുകളിൽ ഒരു പ്രത്യേക ഗ്രേഡിൽ നിയമിച്ചു. അവർക്കാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്. അവർക്ക് ശമ്പള പരിഷ്ക്കരണ സമയങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുകൊണ്ട് ഒരു പുതിയ ശമ്പളസ്കെയിൽ കൊടുക്കണമെന്ന് വേലായുധൻ കമ്മീഷൻ ശുപാർശചെയ്യുകയുണ്ടായി. ഇതു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിനെ മാത്രം ബാധിക്കുന്ന ഒരു കാര്യവുമല്ല. ക്രാഫ്റ്റു തുടങ്ങിയ സ്പെഷ്യലിസ്റ്റു ടീച്ചേഴ്സിനെയും ഇങ്ങനെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ടീച്ചർമാർ പ്രൈമറി സ്ക്കൂൾ ടീച്ചേഴ്സിന്റെ സ്കെയിലാണ് വാങ്ങിക്കുന്നത്. ഈ ഡിമാൻറ് അനുവദിക്കുന്നപക്ഷം ഹൈസ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെന്നല്ല എല്ലാ സ്പെഷ്യലിസ്റ്റു ടീച്ചർമാർക്കും ഈ ഗ്രേഡ് കൊടുക്കേണ്ടിവരും. അങ്ങനെ കൊടുക്കാതിരിക്കാൻ ന്യായമുണ്ടാകുകയില്ല. ഇതു

LIBRARY ARCHIVES Kerala Legislative Assembly